# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഇരിക്കൂര് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എൻ.ആർ.സി4/101/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 08/03/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇരിക്കൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇരിക്കൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിക്കൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എൻ.ആർ.സി4/101/22 തീയ്യതി: 08/03/2022

## കണ്ണൂർ ജില്ലയിലെ ഇരിക്കൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ഇരിക്കൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-02-2020 മുതൽ 04-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു.പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 05-01-2022 | 22-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-01-2022 | 22-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ഷൈമകുമാരി എസ് എൽ ഓഡിറ്റ് ഓഫീസർ
ശ്രീ ഷഹീൻ പി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി വനജ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ധന്യ എം ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ അനസ് കെ ടി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ രതീഷ് ജി പി | സെക്രട്ടറി | 01-04-2019 | 15-07-2019 |
| ശ്രീ ഇബ്രാഹിം എൻ യു | സെക്രട്ടറി | 16-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഗോപി എ പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 12-07-2019 |
| ശ്രീമതി. ഷീന എസ് | അസിസ്റ്റന്റ് സെക്രട്ടറി | 13-07-2019 | 31-03-2020 |
| ശ്രീ ജ്യോതിഷ് ബാബു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 19-07-2019 |
| ശ്രീ. അനിൽ കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 20-07-2019 | 31-03-2020 |
| ഡോ.ഷീബ പി ടി | കൃഷി ഓഫീസർ | 01-04-2019 | 11-10-2019 |
| ശ്രീ. ശ്രീകുമാർ ടി വി | കൃഷി ഓഫീസർ | 12-10-2019 | 31-03-2020 |
| ശ്രീ.ഗിരാജ് എ | വി.ഇ.ഒ. | 01-04-2019 | 03-10-2019 |
| ശ്രീ.ബിജു കെ പി | വി.ഇ.ഒ. | 04-10-2019 | 20-10-2019 |
| ശ്രീമതി രേഷ്മ എം വി | വി.ഇ.ഒ. | 21-10-2019 | 31-03-2020 |
| ഡോ.മനു മാത്യൂ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ഡോ. നിത്യാ ചാക്കോ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.അമ്മു ബി ബി | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 24-11-2019 |
| ഡോ.അമ്പിളി സി | മെഡിക്കൽ ഓഫീസർ ആയുർവേദം | 25-11-2019 | 31-03-2020 |
| ശ്രീമതി കമലാക്ഷി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 30-07-2019 |
| ശ്രീമതി അനിത കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-08-2019 | 22-03-2020 |
| ശ്രീമതി വീണ എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 23-03-2020 | 31-03-2020 |
| ശ്രീ.ജോൺ.കെ.സ്റ്റീഫൻ | ഡയറിഎക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shaheen.P (Asst. Audit Officer, On 24-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 04-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Shaheen.P (Asst. Audit Officer, On 24-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 04-03-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 02-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 08-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Shaheen.P (Asst. Audit Officer, On 24-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 04-03-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Shaheen.P (Asst. Audit Officer, On 24-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 04-03-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Shaheen.P (Asst. Audit Officer, On 24-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 08-03-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shaheen.P (Asst. Audit Officer, On 24-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 08-03-2022) | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ പ്രവൃത്തികളിൽ കരാറുകാരിൽ നിന്ന് നിയമാനുസൃത ജി എസ് റ്റി - റ്റി ഡി എസ് ഈടാക്കിയില്ല<br>Written By: Shaheen.P (Asst. Audit Officer, On 24-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 04-03-2022) | 1-6-1 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Dhanya M (Auditor, On 24-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 04-03-2022) | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Dhanya M (Auditor, On 25-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 08-03-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണസംവിധാനം<br>Written By: Shyma Kumari S.L (Audit Officer, On 24-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 04-03-2022) | 1-9 |
| 12 | ഗ്രാമ സഭ<br>Written By: Shyma Kumari S.L (Audit Officer, On 24-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 04-03-2022) | 1-10 |
| 13 | തൊഴിൽ നികുതി അപാകങ്ങൾ<br>Written By: Dhanya M (Auditor, On 23-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 04-03-2022) | 1-11 |
| 14 | സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല<br>Written By: Dhanya M (Auditor, On 23-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 08-03-2022) | 1-11-1 |
| 15 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Dhanya M (Auditor, On 23-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 08-03-2022) | 1-11-2 |
| 16 | സ്ഥാപനങ്ങൾ സമർപ്പിക്കുന്ന തൊഴിൽനികുതി റിട്ടേണുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-11-3 |

| | | |
|---|---|---|
| | Written By: Dhanya M (Auditor, On 23-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 04-03-2022) | |
| 17 | ബസ് സ്റ്റാന്റ് പിരിവ് അപാകങ്ങൾ<br>Written By: Dhanya M (Auditor, On 23-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 04-03-2022) | 1-12 |
| 18 | എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് - മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല<br>Written By: Dhanya M (Auditor, On 23-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 08-03-2022) | 1-13 |
| 19 | സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: Dhanya M (Auditor, On 23-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 04-03-2022) | 1-13-1 |
| 20 | ജലനിധി പദ്ധതി പഞ്ചായത്ത് തീരുമാനം നടപ്പിലാക്കേണ്ടതാണ്.<br>Written By: Shyma Kumari S.L (Audit Officer, On 24-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 08-03-2022) | 1-14 |
| 21 | ചുമതലയിൽ പെടാത്ത സ്ഥാപനത്തിന്റെ ചെലവ് വഹിക്കുന്നത്<br>Written By: Shaheen.P (Asst. Audit Officer, On 24-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 08-03-2022) | 1-15 |
| 22 | ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിലെ അപാകങ്ങൾ ₹33117 ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 24-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 04-03-2022) | 1-16 |
| 23 | ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിലെ അപാകങ്ങൾ - 111887/- ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Shaheen.P (Asst. Audit Officer, On 24-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 04-03-2022) | 1-17 |
| 24 | സമയബന്ധിതമായി ടെലഫോൺ ബിൽ അടക്കാത്തതിന് പിഴ ഒടുക്കുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 24-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 08-03-2022) | 1-18 |
| 25 | ഔദ്യോഗിക വാഹനത്തിൽ യാത്ര ചെയ്യുതിന് ദിനബത്ത അനുവദിക്കുന്നതിലെ അപാകങ്ങൾ. ₹605 ചെലവ് നിരാകരിക്കുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 24-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 04-03-2022) | 1-19 |
| 26 | ലൈഫ് പദ്ധതി ഹഡ്കോ വായ്പ നിലവിലില്ലാതിരിക്കെ വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്ത ₹147059 തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Shaheen.P (Asst. Audit Officer, On 24-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 08-03-2022) | 1-20 |
| 27 | മുൻകൂർ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.5,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Shaheen.P (Asst. Audit Officer, On 24-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 08-03-2022) | 1-21 |
| 28 | വനിതകൾക്ക് ക്യാൻസർ നിർണ്ണയ ക്യാമ്പ് - ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 04-03-2022) | 1-22 |
| 29 | ഇരിക്കൂർ സി എച്ച് സി-യിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങൽ - പ്രിന്റർ ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 04-03-2022) | 1-23 |
| 30 | കന്നുകുട്ടി പരിപാലനം - രേഖകളും രജിസ്റ്ററുകളും ലഭ്യമാക്കിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 04-03-2022) | 1-24 |

| | | |
|---|---|---|
| 31 | അംഗൻവാടി പോഷകാഹാരം -വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിലെയും വിതരണം നടത്തിയതിലെയും അപാകങ്ങൾ-₹5148യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 04-03-2022) | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഔദ്യോഗിക വാഹനത്തിൽ യാത്ര ചെയ്യുതിന് ദിനബത്ത അനുവദിക്കുന്നതിലെ അപാകങ്ങൾ. ₹605 ചെലവ് നിരാകരിക്കുന്നു.<br>Written By: PREETHA.P.V (Computer Assistant, On 04-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 08-03-2022) | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയിതിന്റെ വിവരം<br>Written By: Shaheen.P (Asst. Audit Officer, On 25-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 08-03-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shaheen.P (Asst. Audit Officer, On 25-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 04-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 25-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 04-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്<br>Written By: Shaheen.P (Asst. Audit Officer, On 25-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 04-03-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Shaheen.P (Asst. Audit Officer, On 25-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 04-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം<br>Written By: Shaheen.P (Asst. Audit Officer, On 25-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 04-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shaheen.P (Asst. Audit Officer, On 25-01-2022)<br>Last Updated By: Shyma Kumari S.L (Audit Officer, On 25-01-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Shaheen.P (Asst. Audit Officer, On 25-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 04-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shaheen.P (Asst. Audit Officer, On 25-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 04-03-2022) | 4-9 |
| 10 | ഓഡിറ്റ് സമയത്ത് തിരിച്ചടച്ച തുകകൾ<br>Written By: Shyma Kumari S.L (Audit Officer, On 26-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 08-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shaheen.P (Asst. Audit Officer, On 25-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 08-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | റെസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 4 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ |
| 5 | ബാലൻസ് ഷീറ്റ് |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

| വർഷം | 2019-20 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ/ തീയ്യതി | 16/2019 - 22-02-2019 | 39/2020(1) - 18-03-2020 |
| മുന്നിരിപ്പ് | 26,98,000 | 48,37,831 |
| വരവ് | 13,20,29,000 | 8,26,24,191 |
| ആകെ | 13,47,27,000 | 8,74,62,022 |
| ചെലവ് | 13,26,37,000 | 7,49,08,580 |
| നീക്കിയിരിപ്പ് | 20,90,000 | 1,25,53,442 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 25.06.2020 | തിരിച്ചയച്ചിട്ടില്ല |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 02.06.2020 ലെ 67/20 നമ്പർ തീരുമാനപ്രകാരമാണ് 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത്.

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1- വികസന ഫണ്ട് ജനറൽ ചെലവ്, ചെലവ് പത്രിക പ്രകാരം 56,14,817/- ആണ്. എന്നാൽ ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക (I-6) പ്രകാരം 54,67,758/- രൂപയാണ്. ജി ഒ പ്രൊജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്ന് കുറവ് ചെയ്ത 1,47,059/- രൂപ ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2- ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

| | ഗ്രാന്റ് നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് B-4 | ബാങ്ക് നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് B-17 | വ്യത്യാസം |
|---|---|---|---|
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 167017 | 172017 | 5000 |
| ജലനിധി | 57528 | 64851 | 7323 |

3 – അഡ്വാൻസ് രജിസ്റ്റർ പ്രകാരം 26-05-2012 ൽ അസിസ്റ്റന്റ് കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ ഇരിക്കൂറിന് നൽകിയ ₹7933 നാളിതുവരെ ക്രമീകരിച്ചിട്ടില്ല. പ്രസ്തുത തുക ബാലൻസ് ഷീറ്റ് B-18 (CODE460500201) Advance To Implementing Agencies – Deposit Kerala Water Authority എന്ന ശീർഷകത്തിൽ തെറ്റായാണ് കാണിച്ചത്.

4- ഗ്രാമ പഞ്ചായത്ത് വിവിധ അവശ്യങ്ങൾക്ക് നൽകിയ മുൻകൂറുകൾ മുൻകൂർ ശീർഷകത്തിൽ ചെലവ് കാണിക്കാതെ ചെലവ് ശീർഷകത്തിലാണ് കാണിച്ചത്

| ക്രമ നമ്പർ | വൗച്ചർ നമ്പർ / തീയതി | തുക | ഇനം | അനുവദിച്ചത് |
|---|---|---|---|---|
| 1 | 21900533/15-11-2019 | 12000 | 416/18, 417/18, 418/18 515/18, 516/18, 518/18 കേസുകളിൽ ഹാജരാകുന്നതിന് | അഡ്വ. കെ പി മുഹമ്മദ് ബഷീർ |

| | | | | |
|---|---|---|---|---|
| 2 | 21900590/06-12-2019 | 17624 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റുന്നതിന് (DB/WD/ DEMAND/AE/IKR/ 19-20/223 DATE 04-12-2019) | കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ ഇരിക്കൂർ |
| 3 | 21900591/06-12-2019 | 12973 | ഇസ് ഇലാഹിക്ക് സമീപം എൽ ടി പോൾ, സ്റ്റേ എന്നിവ മാറ്റുന്നതിന് | കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ ഇരിക്കൂർ |
| 4 | 21900761/31-01-2020 | 3908 | സാജിർ എന്നവർക്ക് എതിരെയുള്ള കേസിന് ഹാജരാകുന്നതിന് | അഡ്വ. കെ പി മുഹമ്മദ് ബഷീർ |

5- ആസ്തി രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമല്ല.

6- എം എൻ ലക്ഷം വീട് പദ്ധതിക്ക് 2015 വർഷത്തിൽ വരവ് വന്ന് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച ₹7,42,500 നാളിതുവരെ വിനിയോഗിച്ചിട്ടില്ല. തുക വിനിയോഗിക്കുകയോ അല്ലെങ്കിൽ ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6122705 |
| വരവ് | 30241555 |
| ആകെ | 36364260 |
| ചെലവ് | 29190766 |
| നീക്കിയിരിപ്പ് | 7173494 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 605 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 155152 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | - | 6287000 | 6287000 | 5614817 | 672183 |
| വികസന ഫണ്ട്-എസ്.സി.പി | - | 3,90.000 | 390000 | 315000 | 75,000 |
| വികസന ഫണ്ട്-ടി.എസ്.പി | - | 46000 | 46000 | 46000 | 0 |
| മെയിന്റനൻസ്, റോഡ് | - | 6557000 | 6557000 | 4215216 | 2341784 |
| മെയിന്റനൻസ്, നോൺ-റോഡ് | - | 3251000 | 3251000 | 2486145 | 764855 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | - | 4806185 | 4806185 | 2819981 | 1986204 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഭരണ ചെലവുകൾ | 47015 | 500812 | 547827 | 375810 | 172017 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ടു നൽകുന്നത് | 0 | 14288025 | 14288025 | 14288025 | 0 |
| ഐ സി ഡി എസ് | 452154 | 585052 | 1037206 | 0 | 1037206 |
| എം പി ഫണ്ട് | 3539 | 122 | 3661 | 0 | 3661 |
| സാക്ഷരത | 1861 | 74 | 1935 | 0 | 1935 |
| ശുചിത്വ മിഷൻ | 602443 | 96000 | 698443 | 192000 | 506443 |
| ജലനിധി | 55319 | 2209 | 57528 | 0 | 57528 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| തൊഴിൽ ഉറപ്പ് പദ്ധതി 100 ദിനം പൂർത്തിയായവർക്ക് അനുവദിച്ചത് | | 2,17,000 | 2,17,000 | 2,17,000 | 0 |
| എം എൻ ലക്ഷം വീട് | 742500 | 0 | 742500 | 0 | 742500 |
| വിമുക്തി | 25000 | 0 | 25000 | 0 | 25000 |
| ചിയാക്ക് അരോഗ്യ ഇൻഷ്യൂറൻസ് | 0 | 1788 | 1788 | 0 | 1788 |
| വാക്സിനേഷൻ | 0 | 3270 | 3270 | 3270 | 0 |

(2019-20 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രിക ഹാജരാക്കിയിട്ടില്ല).

## 1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2020-21 | 134 | 35201527 | 93 | 16862691 | 11 | 41 | 61 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 19 | 15 | 2858089 | 1875938 | 65.63 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 5 | 5 | 420000 | 342489 | 81.54 |

| | | | | | | |
|---|---|---|---|---|---|---|
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 69 | 40 | 21201785 | 9190217 | 43.34 |
| 4 | കൃഷി ഓഫീസർ | 11 | 8 | 659086 | 334854 | 50.80 |
| 5 | വി.ഇ.ഒ. | 9 | 7 | 4631067 | 1768292 | 38.18 |
| 6 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | 5 | 5 | 1075000 | 703652 | 65.46 |
| 7 | വെറ്റിനറി സർജൻ | 8 | 7 | 1217500 | 466976 | 38.35 |
| 8 | മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 3 | 550000 | 548000 | 99.63 |
| 9 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 2 | 2489000 | 1552000 | 62.35 |
| 10 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 100000 | 80273 | 80.27 |
| | | 134 | 93 | 35201527 | 16862691 | 47.90 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 47015 | 500812 | 547827 | 375810 | 172017 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 14288025 | 14288025 | 14288025 | 0 |
| ആകെ | 47015 | 14788837 | 14835852 | 14663835 | 172017 |

വാർഷിക പദ്ധതി-ലേബർ ബഡ്ജറ്റ്

| വർഷം | ലേബർ ബഡ്ജറ്റ്-വാർഷിക പദ്ധതി പ്രകാരം നിർദേശിച്ച പ്രവൃത്തികൾ | നടപ്പാക്കിയ പ്രവൃത്തികൾ | ശതമാനം |
|---|---|---|---|
| 2019-20 | 328 | 165 | 50 |

പങ്കാളിത്തം സംബന്ധിച്ച വിശദവിവരം

| | | 2019-20 |
|---|---|---|
| 1 | പുതുതായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 30 |
| 2 | ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 985 |
| 3 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾ | 430 |

| | | |
|---|---|---|
| 4 | തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 430 |
| 5 | 100 ദിനം തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 125 |
| 6 | തൊഴിൽ ആവശ്യപ്പെട്ടശേഷം തൊഴിൽ ലഭിച്ചവരുടെ ശതമാനം | 100 |
| 7 | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 28930 |

## 1-6-1 തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ പ്രവൃത്തികളിൽ കരാറുകാരിൽ നിന്ന് നിയമാനുസൃത ജി എസ് റ്റി - റ്റി ഡി എസ് ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ പ്രവൃത്തികളിൽ കരാറുകാരിൽ നിന്ന് നിയമാനുസൃത ജി.എസ്.റ്റി - റ്റി ഡി എസ് ഈടാക്കിയിട്ടില്ല. (2,50,000 /-രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക്) തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 30.7.2019 ലെ 957/ഇ ജി എസ് - സി /16/ആർ ഇ ജി എസ് നം സർക്കുലർ പ്രകാരം ജി എസ് റ്റി - റ്റി ഡി എസ് തുക വെണ്ടർ/കരാറുകാരൻ നേരിട്ട് പഞ്ചായത്തിൽ ഒടുക്കമെന്ന് ഉറപ്പ് വരുത്തി (എം ഐ എസി ൽ ഉറവിടത്തിൽ കുറവ് ചെയ്യുന്നത് സാധ്യമല്ലാത്തതിനാൽ)യാണ് ബിൽ തുക സെറ്റിൽ ചെയ്യേണ്ടത്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ താഴെ പറയുന്ന പ്രവൃത്തിയുടെ ബില്ലിലെ കരാറുകാരന്റെ തുക 2.5 ലക്ഷത്തിനു മുകളിലാണെങ്കിലും ഇപ്രകാരം റ്റി ഡി എസ് കുറവ് ചെയ്തിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിശദവിവരം | സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ ആകെ തുക | ഈടാക്കേണ്ട ജി എസ് റ്റി - റ്റി ഡി എസ് | നൽകിയ തുകയുടെ വിശദവിവരം |
|---|---|---|---|
| മഹാത്മാഗാന്ധി റോഡ് കോൺക്രീറ്റ് വർക്ക് കോഡ് നം. RC- 328964<br>കരാറുകാരൻ നിസാമുദ്ദീൻ സി പി | 287063 | 5741 | 287063/-<br>FTO-14448/03-03-2020 |

സി.ജി.എസ്.ടി/എസ്.ജി.എസ്.ടി നിയമത്തിലെ വകുപ്പ് 122(1) (V) പ്രകാരം സ്രോതസ്സിൽ നിന്നും നികുതി കുറവ് ചെയ്യേണ്ട സ്ഥാപനം നികുതി കുറവ് ചെയ്യുന്നതിൽ വീഴ്ച വരുത്തിയാലോ അല്ലെങ്കിൽ തുക സർക്കാരിലേക്ക് ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാലോ പിഴ ഒടുക്കേണ്ടി വരുന്നതാണ്. മെറ്റീരിയൽ പ്രവൃത്തികളിൽ കരാറുകാരിൽ നിന്ന് നിയമാനുസൃത ജി എസ് റ്റി - റ്റി ഡി എസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1298400 | 91 |
| തൊഴിൽ രഹിത വേതനം | 35040 | 43 |
| വിധവാ പെൻഷൻ | 8647800 | 599 |
| വാർദ്ധക്യകാല പെൻഷൻ | 10212000 | 676 |
| വികലാംഗ പെൻഷൻ | 2784700 | 195 |
| അവിവാഹിത പെൻഷൻ | 43200 | 3 |
| വിവാഹ ധനസഹായം | 360000 | 12 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)- ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-01-2022 ന് 2.50 Pm സമയത്ത് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹69240 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പ് വരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തന സജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ച് കൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പ് വരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം. ഇരിക്കൂർ പഞ്ചായത്തിന്റെ വാർഷിക ബജറ്റ് പാസ്സാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടുണ്ട്. ബാങ്ക് പാസ്സ് ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ച് വരുന്നുണ്ട്. വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ്, മറ്റ് തനത് ഫണ്ടുകൾ, സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിനിയോഗം എന്നിവ സംബന്ധിച്ച് എ.സി.ആർ സൂക്ഷിക്കുന്നുണ്ട്. ഫാമുകൾ, വ്യവസായ എസ്റ്റേറ്റ് വരവ്, കെട്ടിട വാടകവരവ്, കാർഷിക യന്ത്രങ്ങളുടെ വാടക വരവ് എന്നിവ സംബന്ധിച്ച് പ്രത്യേകം നിരീക്ഷിക്കുന്നതിന് നിലവിൽ സംവിധാനമില്ല. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ച് വരുന്നുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്യുയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്.

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി തന്നെ പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ച് ചേർക്കുന്നുണ്ട്. ചേർന്ന യോഗങ്ങളിൽ പഞ്ചായത്തിന്റെ നികുതി പിരിവ് പുരോഗതി, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തൽ എന്നിവയാണ് മിക്കവാറും അവലോകനം നടത്തിയിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി ഉൾപ്പെടെ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ആസ്തി രജിസ്ററർ പൂർണ്ണമാക്കേണ്ടതാണ്. ഭൂനികുതിയൊടുക്കിയും പോക്കുവരവ് മുതലായ നടപടിക്രമങ്ങൾ പൂർത്തിയാക്കിയും ഭൂമിസംബന്ധമായ കാര്യങ്ങൾ കാലികമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇൻകുമ്പൻസി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ തയ്യാറാക്കേണ്ടതാണ് .

## 1-10 ഗ്രാമ സഭ

ഇരിക്കൂർ ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ ഗ്രാമസഭ മിനട്സ് പരിശോധിച്ചതിൽ ആഗസ്റ്റ് 2019, ഫിബ്രവരി 2020 എന്നീ തീയതികളിൽ മാത്രമാണ് ഗ്രാമസഭ ചേർന്നിരിക്കുന്നത്. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 3(3) പ്രകാരം വർഷത്തിൽ മൂന്ന മാസത്തിലൊരിക്കൽ ഗ്രാമസഭ യോഗം ചേരണമെന്നത് പാലിച്ചിട്ടില്ല. എന്നാൽ എല്ലാ യോഗങ്ങളിലും ക്വാറം തികഞ്ഞിട്ടുണ്ട്. ഗ്രാമസഭ ചേർന്നത് സംബന്ധിച്ച് ചില വാർഡുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം. | വാർഡിലെ ആകെ അംഗങ്ങളുടെ എണ്ണം | ഗ്രാമ സഭ ചേർന്ന തീയതി | | പങ്കെടുത്ത വാർഡ് അംഗങ്ങളുടെ എണ്ണം യഥാക്രമം | | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 838 | 6/8/19 | 8/2/20 | 91 | 95 | ആഗസ്റ്റ് 2019 ന് ചേർന്ന യോഗത്തിൽ മുൻവർഷത്തെ ചെലവ് അംഗീകരിക്കൽ, ഓഡിറ്റ് റിപ്പോർട്ട് വായിക്കൽ |
| 2 | 670 | 05/08/19 | 09/02/2020 | 93 | 101 | |
| 3 | 1046 | 07/08/19 | 07/02/20 | 120 | 122 | ഫിബ്രവരി 2020 ചേർന്ന യോഗത്തിൽ വാർഷിക പദ്ധതി അംഗീകരിക്കൽ, ദുരന്ത നിവാരണം, പ്ലാസ്റ്റിക് നിരോധനം |
| 4 | 771 | 5/8/19 | 5/2/20 | 96 | 96 | |

| | | | | | | |
|---|---|---|---|---|---|---|
| 5 | 557 | 05/08/19 | 05/02/20 | 80 | 88 | സംബന്ധിച്ച ചർച്ച |

## 1-11 തൊഴിൽ നികുതി അപാകങ്ങൾ

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-11-1 സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മർച്ചന്റ് കോ ഓപ്പ് സൊസൈറ്റി | II |
| 2 | എസ് ആർ ഹോസ്പിറ്റൽ | II |
| 3 | പെട്രോൾ പമ്പ് ഇരിക്കൂർ | II |
| 4 | ജി ഗോൾഡ് ഇരിക്കൂർ | I, II |
| 5 | ജയ സിമന്റ് പ്രോഡക്ട്സ് | I, II |
| 6 | ഹിജാസ് സൂപ്പർമാർക്കറ്റ് | I, II |
| 7 | എസ് ബിൽഡോൺ | I, II |
| 8 | സെന്റർ പോയിന്റ് കലക്ഷൻസ് | I, II |
| 9 | അറ്റ്ലസ് ജ്വല്ലറി | II |
| 10 | സഫ ഫാസ്റ്റ് ഫുഡ് | I, II |
| 11 | സഫ ഫാസ്റ്റ് ഫുഡ് | I, II |
| 12 | ബി എസ് പി ഫിഷ് മാർക്കറ്റ് | I, II |
| 13 | ഹോട്ടൽ പോപ്പിൻസ് | I, II |
| 14 | മാസ് ഹൈപ്പർ മാർക്കറ്റ് | I, II |
| 15 | എം ബി എം ടൈൽസ് , ഹാർഡ് വേർസ് | II |
| 16 | ഷൂസ് പ്ലാനറ്റ് | I, II |

| | | |
|---|---|---|
| 17 | ബ്രദേഴ്സ് ഓഫ് സെറ്റ് പ്രസ് | I, II |
| 18 | എൽ ആർ ലാബ് | I, II |
| 19 | മലബാർ ക്ലിനിക്കൽ ലബോറട്ടറി | II |
| 20 | കാരുണ്യ ഡെന്റൽ ക്ലിനിക് | II |
| 21 | വി എൻ ഡെന്റൽ സ്പെഷ്യാലിറ്റി ക്ലിനിക് | I, II |
| 22 | എച്ച് എൻ സി പ്രൈ. ലിമിറ്റഡ് | II |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/19.01.2022) മറുപടിയായി കോവിഡ് 19 ന്റെ ഭാഗമായി മിക്ക സ്ഥാപനങ്ങളും അടച്ചിരുന്നതിനാൽ നികുതി ഈടാക്കാൻ കഴിഞ്ഞില്ലെന്ന് അറിയിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205എഫ് (2) പ്രകാരം ഓരോ വർഷവും ആഗസ്റ്റ്, ഫെബ്രുവരി എന്നീ മാസങ്ങളിലാണ് തൊഴിൽ നികുതി ഒടുക്കേണ്ടത്. 2019-20 സാമ്പത്തിക വർഷത്തിന്റെ അവസാനമാണ് (മാർച്ച് 2020)കോവിഡ് ലോക്ക്ഡൗൺ വന്നത്. ആയതിനാൽ തന്നെ മറുപടി പരിഗണിക്കാൻ സാധിക്കുകയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-11-2 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം പോസ്റ്റ് ഓഫീസ്, പെരുവളത്തുപറമ്പ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/19.01.2022) മറുപടിയായി നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

2. 2018-19 വർഷം തൊഴിൽ നികുതി ഈടാക്കിയ താഴെ പറയുന്ന ജീവനക്കാരിൽ നിന്നും 2019-20 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ജീവനക്കാരന്റെ പേര് | തൊഴിൽ/സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| ഒ കെ മണി പ്രസാദ് | ആധാരം എഴുത്ത് | I, II |
| ജയകൃഷ്ണരാജൻ | ആധാരം എഴുത്ത് | I, II |
| ശിഹാബുദ്ദീൻ | മുദ്രപത്രം വിൽപ്പന | II |
| ടി വസന്തൻ | ആധാരം എഴുത്ത് | I, II |
| കെ കെ മനോഹരൻ | ആധാരം എഴുത്ത് | I, II |
| പി മോഹനൻ | ആധാരം എഴുത്ത് | I, II |
| ടി നൗഷാദ് | എക്സ് ഇൻ ബിൽഡേഴ്സ് | I, II |
| സി മമ്മുഹാജി | ആധാരം എഴുത്ത് | I, II |
| മഹമ്മൂദ് സി എച്ച് | ടാലന്റ് ബിൽഡേഴ്സ് | I, II |
| കെ വി പ്രജിത്ത് | ആധാരം എഴുത്ത് | I |
| താഹിർ വി ടി | ആധാരം എഴുത്ത് | I, II |
| പുഷ്പജൻ | ആധാരം എഴുത്ത് | I, II |

മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/19.01.2022) മറുപടിയായി കോവിഡ് 19ന്റെ ഭാഗമായി മിക്ക സ്ഥാപനങ്ങളും

അടച്ചിരുന്നതിനാൽ നികുതി ഈടാക്കാൻ കഴിഞ്ഞില്ലെന്ന് അറിയിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 എഫ് (2) പ്രകാരം ഓരോ വർഷവും ആഗസ്റ്റ്, ഫെബ്രുവരി എന്നീ മാസങ്ങളിലാണ് തൊഴിൽ നികുതി ഒടുക്കേണ്ടത്. 2019-20 സാമ്പത്തിക വർഷത്തിന്റെ അവസാനമാണ് (മാർച്ച് 2020) കോവിഡ് ലോക്ക്ഡൗൺ വന്നത്. ആയതിനാൽ തന്നെ മറുപടി പരിഗണിക്കാൻ സാധിക്കുകയില്ല. മേൽ ജീവനക്കാരിൽ നിന്നും ചട്ടപ്രകാരമുള്ള നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-11-3 സ്ഥാപനങ്ങൾ സമർപ്പിക്കുന്ന തൊഴിൽനികുതി റിട്ടേണുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽനികുതി റിട്ടേണുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| റഹ്മാനിയ ഓർഫനേജ് എച്ച് എസ് എസ്, പെരുവളത്ത് പറമ്പ് | I |
| ഇരിക്കൂർ സർവ്വീസ് സഹകരണ ബേങ്ക് | I,II |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/19.01.2022) പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി റിട്ടേണുകൾ കൃത്യമായി സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 ബസ് സ്റ്റാന്റ് പിരിവ് അപാകങ്ങൾ

2019-20 വർഷം ബസ് സ്റ്റാന്റിൽ നിന്നും യൂസർ ഫീസ് കലക്ട് ചെയ്യുന്നതിനുള്ള അവകാശം ലേലം വഴി ശ്രീ.മനോഹരൻ എന്നയാൾക്ക് 109.50/- രൂപ ദിവസ വേതനത്തിൽ നൽകിയിരുന്നു. എന്നാൽ ശ്രീ.മനോഹരൻ കളക്ഷൻ തുക കൃത്യമായി ഒടുക്കാത്തതിനാൽ ഭരണസമിതിയുടെ 26.07.2019ലെ 10/54/19(10) നമ്പർ തീരുമാന പ്രകാരം ടിയാനെ ഒഴിവാക്കുവാനും പകരം അലി അക്ബർ എന്നയാളെ താൽക്കാലികമായി നിയമിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

ബസ് സ്റ്റാന്റ് പിരിവിനായി നിയോഗിച്ച വ്യക്തികളുമായുണ്ടാക്കിയ കരാർ, യൂസർ ഫീസ് കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/22.01.2022) മേൽ രേഖകൾ ഹാജരാക്കുന്നതാണ് എന്ന് മറുപടി നൽകിയെങ്കിലും ഹാജരാക്കിയിട്ടില്ല. ബസ് സ്റ്റാന്റ് പിരിവിനായി നിയോഗിച്ച വ്യക്തികളുമായി കൃത്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി എഗ്രിമെന്റ് ചമച്ചക്കേണ്ടതും ബസ് സ്റ്റാന്റിലേക്ക് ദിവസേന പ്രവേശിക്കുന്ന ബസുകളുടെ എണ്ണത്തിന് ആനുപാതികമായ തുക കൃത്യമായി പഞ്ചായത്തിൽ ഒടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-13 എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് - മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

31.10.2017ലെ ജി.ഒ.(പി)80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, സ്മോൾ, മിനി, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്.

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 16.02.2019 തീയതിയിലെ 16/2019 നമ്പർ തീരുമാനപ്രകാരം സ്ഥാപനങ്ങളെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ലാബുകളായി തിരിച്ച് മേൽ ഉത്തരവ് പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുവാൻ ശുപാർശ ചെയ്യുകയും ഭരണസമിതിയുടെ 28.02.2019 തീയതിയിലെ 18/19(2) നമ്പർ തീരുമാനപ്രകാരം ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ വിഭാഗം | ഈടാക്കാവുന്ന പരമാവധി വാർഷിക ലൈസൻസ് ഫീസ് |
|---|---|---|
| 1 മൈക്രോ എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |

| | | |
|---|---|---|
| ഉത്പാദന മേഖല | 2 ലക്ഷം രൂപ വരെ | 300 |
| | 200001- 3 ലക്ഷം രൂപ വരെ | 400 |
| | 300001-25 ലക്ഷം രൂപ വരെ | 500 |
| സേവന മേഖല | 50, 000/-രൂപ വരെ | 100 |
| | 50001- 1 ലക്ഷം രൂപ വരെ | 200 |
| | 100001-2 ലക്ഷം രൂപ വരെ | 300 |
| | 200001-3 ലക്ഷം രൂപ വരെ | 400 |
| | 300001- 10 ലക്ഷം രൂപ വരെ | 500 |
| 2 മിനി എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 25 ലക്ഷം രൂപയിൽ കൂടുതലും 1 കോടി രൂപയിൽ കവിയാത്തതും | 1000 |
| സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ കവിയാത്തതും | |
| 3 സ്മോൾ എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 1 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ കവിയാത്തതും | 5000 |
| സേവന മേഖല | 50 ലക്ഷം രൂപയിൽ കൂടുതലും 2 കോടി രൂപയിൽ കവിയാത്തതും | |
| 4 മീഡിയം എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 5 കോടി രൂപയിൽ കൂടുതലും 10 കോടി രൂപയിൽ കവിയാത്തതും | 10000 |
| സേവന മേഖല | 2 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ കവിയാത്തതും | |
| 5 ലാർജ്ജ് എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 10 കോടി രൂപയിൽ കൂടുതൽ | 15000 |
| സേവന മേഖല | 5 കോടി രൂപയിൽ കൂടുതൽ | |

എന്നാൽ 2019-20 വർഷത്തെ അപേക്ഷകളിലോ അന്വേഷണ റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. ആയതിനാൽ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/20.01.2022) കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-13-1 സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

2018-19 വർഷം 502 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ 2019-20 വർഷം ലൈസൻസെടുത്ത സ്ഥാപനങ്ങളുടെ എണ്ണം 383 ആണ്. സ്ഥാപനങ്ങളുടെ എണ്ണത്തിലുണ്ടായ കുറവിന്റെ കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/20.01.2022) മറുപടിയായി കോവിഡ് 19 ന്റെ സാഹചര്യത്തിൽ 119 സ്ഥാപനങ്ങൾ അടച്ചതിനാലാണ് ലൈസൻസ് എടുക്കാതിരുന്നതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2019-20 വർഷത്തെ ലൈസൻസ് 2019 മാർച്ച് മാസത്തിനുള്ളിലാണ് എടുക്കേണ്ടത്. 2019-20 സാമ്പത്തിക വർഷത്തിന്റെ അവസാനമാണ് കോവിഡ് ലോക്ക്ഡൗൺ വന്നത്. ആയതിനാൽ തന്നെ മറുപടി പരിഗണിക്കാൻ സാധിക്കുകയില്ല. ലൈസൻസിന്റെ കൂടെയാണ് ട്രേഡേഴ്സിന്റെ തൊഴിൽ നികുതിയും ഈടാക്കി വരുന്നത്. ആയതിനാൽ തന്നെ വരുമാന കുറവ് സംഭവിക്കുന്നുണ്ട്. ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി എല്ലാ സ്ഥാപനങ്ങളും ചട്ടപ്രകാരമുള്ള ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-14 ജലനിധി പദ്ധതി പഞ്ചായത്ത് തീരുമാനം നടപ്പിലാക്കേണ്ടതാണ്.

ജലനിധി പദ്ധതിയുമായി ബന്ധപ്പെട്ട് ഇരിക്കൂർ ഗ്രാമ പഞ്ചായത്തിലെ റോഡുകളുടെ പുനരുദ്ധാരണത്തിനു വേണ്ടി 2016ൽ അനുവദിച്ച 55,16,000/- രൂപ ചെലവഴിച്ചതിൽ അപാകതകൾ കണ്ടെത്തിയിട്ടുണ്ടെന്നും പ്രസ്തുത തുക പദ്ധതി ചെലവായി അംഗീകരിക്കാത്തതിനാൽ തുക തിരിച്ചടക്കണമെന്നും കാണിച്ച് ജലനിധി റീജിയണൽ പ്രൊജക്ട് ഡയറക്ടർ, റീജിയണൽ പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റ് അയച്ച കത്ത് ഭരണ സമിതി ചർച്ച ചെയ്യുകയും ഭരണസമിതിയുടെ 28/06/2019ലെ യോഗ തീരുമാനം നമ്പർ 44/2019 പ്രകാരം വിഷയം അടിയന്തിരമായി പരിഹരിക്കുന്നതിനും തീരുമാനിച്ചിരുന്നു. ആയതു സംബന്ധിച്ച് നിലവിലുള്ള സ്ഥിതി പരിശോധിച്ചതിൽ ഗുണഭോക്തൃ സമിതി പഞ്ചായത്ത്തല അവസാനഘട്ട ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ചതായും ആയതിലെ വിപരീത ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനായി താഴെ കാണിച്ച രേഖകൾ ലഭ്യമാക്കുവാനും 14/01/2022ലെ No.KRWSA-KNR/3171/ 2017-AC1 റീജിയണൽ പ്രൊജക്ട് ഡയറക്ടറുടെ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

1. റോഡ് പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചത് സംബന്ധിച്ച അസസ്മെന്റ് സ്റ്റേറ്റ്മെന്റ്.
2. വിശദമായ വിനിയോഗ സാക്ഷ്യപത്രം, റോഡ് പ്രവൃത്തികളുടെ ചെലവു വിവരങ്ങൾ.

രേഖകൾ ജലനിധി റീജിയണൽ പ്രൊജക്ട് ഡയറക്ടർക്ക് സമർപ്പിച്ച് തടസ്സം തീർപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ചുമതലയിൽ പെടാത്ത സ്ഥാപനത്തിന്റെ ചെലവ് വഹിക്കുന്നത്

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166 പ്രകാരം മൂന്നാം പട്ടികയിൽ ഇനം തിരിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങൾ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ആവശ്യങ്ങൾ നിറവേറ്റേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. മൂന്നാം പട്ടികയിലെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയായ പൊതുജനാരോഗ്യവും ശുചീകരണവും എന്ന ഇനത്തിലെ ഡിസ്പെൻസറികളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും നടത്തുക എന്നത് ഗ്രാമ പഞ്ചായത്തിന്റെ ചുമതലയാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 172 പ്രകാരം നാലാം പട്ടികയിൽ ഇനം തിരിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങൾ സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ആവശ്യങ്ങൾ നിറവേറ്റണ്ടത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയാണ്. നാലാം പട്ടികയിലെ പൊതുജനാരോഗ്യവും ശുചീകരണവും ഇനത്തിലെ ബ്ലോക്ക് പഞ്ചായത്തിനുള്ളിൽ എല്ലാത്തരം ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക എന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയാണ്. ജി ഒ (എം എസ്)55/2010/H&FWD തീയതി 20-05-2010 പ്രകാരം ഇരിക്കൂർ പ്രാഥമിക ആരോഗ്യകേന്ദ്രം കമ്മ്യൂണിറ്റി ആരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം പരിഗണിക്കാതെ ഇരിക്കൂർ സി.എച്ച് സി സ്റ്റാഫ് നേഴ്സിന് വേതനം നൽകുന്നതിന് താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | മാസം | വൗച്ചർ നമ്പർ തീയതി | തുക |
|---|---|---|---|
| 1 | 03/2019 | 21900034/09-04-2019 | 13900 |
| 2 | 04/2019 | 21900088/21-05-2019 | 13436 |
| 3 | 05/2019 | 21900130/03-06-2019 | 13900 |
| 4 | 06/2019 | 21900226/22-07-2019 | 13900 |
| 5 | 07/2019 | 21900275/14-08-2019 | 13900 |

| | | | |
|---|---|---|---|
| 6 | 08/2019 | 21900341/06-09-2019 | 16000 |
| 7 | | 21900342/06-09-2019<br>ഫെസ്റ്റിവൽ അലവൻസ് | 1200 |
| 8 | 09/2019 | 21900439/14-10-2019 | 16000 |
| 9 | 10/2019 | 21900534/19-11-2019 | 15483 |
| 10 | 11/2019 | 21900576/04-12-2019 | 16000 |
| 11 | 12/2019 | 21900728/22-01-2020 | 16000 |
| 12 | 01/2020 | 21900813/13-02-2020 | 16000 |
| 13 | 02/2020 | 21900859/31-03-2020 | 16000 |
| ആകെ | | | 181719 |

കൂടാതെ 2019-20 വർഷം പോസ്റ്റൽ സ്റ്റാമ്പ് വാങ്ങുന്നതിന് വൗച്ചർ നമ്പർ 21900227/22-07-2019 പ്രകാരം ₹2000യും, ഇരിക്കൂർ ഗവ:ആശുപത്രിയുടെ സൗകര്യം മെച്ചപ്പെടുത്താനായി പദ്ധതി വിഹിതം ഇനത്തിൽ ₹400000 വകയിരുത്തുകയും ₹394907 ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/12-01-2022) ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിലേക്ക് സ്ഥാപനം കൈമാറിയിട്ടില്ലെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166, 172, ജിഒ (എംഎസ്)55/2010/H&FWD തീയതി 20-05-2010-ാം നമ്പർ ഉത്തരവ് എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് ചെലവ് ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിലെ അപാകങ്ങൾ ₹33117 ചെലവ് തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ 21900089/21-05-2019 ₹33117

ജി.ഒ.(പി)44/2019/ധന തീയതി 04-04-2019 പ്രകാരം 01/2018 മുതൽ 03/2019 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചത് ജീവനക്കാരൻ ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യാത്ത കാലയളവ് ഉൾപ്പെടെയാണ്. ജീവനക്കാരൻ മുമ്പ് ജോലിചെയ്തിരുന്ന സ്ഥാപനങ്ങളിൽ നിന്ന് തുക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, കൈപ്പറ്റിയ ശമ്പളത്തിന്റെ വിശദാംശങ്ങൾ എന്നിവ ഹാജരാക്കാതെയാണ് കുടിശ്ശിക അനുവദിച്ചത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക | ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | ശ്രീ ജി പി രതീഷ് സെക്രട്ടറി | 03-07-2018 | 33117 |

ജീവനക്കാരൻ മുമ്പ് ജോലി ചെയ്തിരുന്ന സ്ഥാപനങ്ങളിൽ നിന്ന് തുക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, കൈപ്പറ്റിയ ശമ്പളത്തിന്റെ വിശദാംശങ്ങൾ എന്നിവ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/12-01-2022) സ്റ്റേറ്റ്മെന്റ് പിന്നീട് ഹജരാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കുന്നതു വരെ ₹33117യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിലെ അപാകങ്ങൾ - 111887/- ചെലവ് തടസ്സപ്പെടുത്തുന്നു

വൗച്ചർ നമ്പർ 21900090/21-05-2019 ₹196347 (മൊത്തം തുക)

ജി.ഒ(പി)44/2019/ധന തീയതി 04-04-2019 പ്രകാരം 01/2018 മുതൽ 03/2019 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചത് ജീവനക്കാർ ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യാത്ത കാലയളവ് ഉൾപ്പെടെയാണ്. ജീവനക്കാർ മുമ്പ് ജോലി ചെയ്തിരുന്ന സ്ഥാപനങ്ങളിൽ നിന്ന് തുക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, കൈപ്പറ്റിയ ശമ്പളത്തിന്റെ വിശദാംശങ്ങൾ എന്നിവ ഹാജരാക്കാതെയാണ് കുടിശ്ശിക അനുവദിച്ചത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് തസ്തിക | ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | ശ്രീമതി. എ പി ഗോപി അസിസ്റ്റന്റ് സെക്രട്ടറി | 25-06-2018 AN | 30396 |
| 2 | ശ്രീമതി. സുമംഗല കെ പി ഹെഡ് ക്ലർക്ക് | 03-07-2018 | 21423 |
| 3 | ശ്രീ.രാജേഷ് പി കെ സീനിയർ ക്ലർക്ക് | 02-11-2018 | 18493 |
| 4 | ശ്രീ ദിനേശൻ സി കെ സീനിയർ ക്ലർക്ക് | 17-10-2018 | 21879 |
| 5 | ശ്രീ ദാസൻ കെ സീനിയർ ക്ലർക്ക് | 06-07-2018 | 19696 |
| | | | 111887 |

ജീവനക്കാരൻ മുമ്പ് ജോലി ചെയ്തിരുന്ന സ്ഥാപനങ്ങളിൽ നിന്ന് തുക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, കൈപ്പറ്റിയ ശമ്പളത്തിന്റെ വിശദാംശങ്ങൾ എന്നിവ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/12-01-2022) സ്റ്റേറ്റ്മെന്റ് പിന്നീട് ഹാജരാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കുന്നതു വരെ ₹111887 ചെലവ് തടസ്സപ്പെടുത്തുന്നു. ശ്രീ.ദിനേശൻ സി കെ മുണ്ടേരി ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും ജോലി ചെയ്തിരുന്ന കാലയളവ് രേഖപ്പെടുത്തിയിട്ടില്ല. കാലയളവ് രേഖപ്പെടുത്തിയിട്ടുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-18 സമയബന്ധിതമായി ടെലഫോൺ ബിൽ അടക്കാത്തതിന് പിഴ ഒടുക്കുന്നു.

പഞ്ചായത്തിലെ വിവിധ ടെലഫോൺ ബില്ലുകൾ സമയബന്ധിതമായി ഒടുക്കാത്തത് കാരണം പിഴ പഞ്ചായത്ത് ഫണ്ടിൽ നിന്ന് ഒടുക്കുന്നുണ്ട്. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ടെലഫോൺ നമ്പർ | വൗച്ചർ നമ്പർ/തീയതി | തുക | ഒടുക്കിയ പിഴ |
|---|---|---|---|---|
| 1 | 04972971614 | 21900153/24-06-2019 | 1734 | 29 |
| 2 | 04602297440 | 21900154/24-06-2019 | 19127 | 10 |
| 3 | 04602257117 | 21900202/10-07-2019 | 668 | 11 |
| 4 | 04602257117 | 21900432/10-10-2019 | 1474 | 10 |
| 5 | 04972971614 | 21900452/23-10-2019 | 7617 | 69 |
| 6 | 04602257023 | 21900519/11-11-2019 | 1268 | 21 |
| 7 | 04602257117 | 21900640/27-12-2019 | 427 | 10 |
| 8 | 04602297440 | 21900690/07-01-2020 | 297 | 10 |
| 9 | 04602257023 | 21900702/16-01-2020 | 1334 | 22 |
| 10 | 04602257117 | 21900705/17-01-2020 | 428 | 10 |
| 11 | 04602257117 | 21900854/29-02-2020 | 854 | 10 |

സമയബന്ധിതമായി ബില്ലുകൾ ഒടുക്കാതിരിക്കുന്നതിന് കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/12-01-2022) ബിൽ കൃത്യസമയത്ത് ലഭിക്കാത്തതാണ് പിഴ വരാൻ കാരണമെന്ന് സെക്രട്ടറി അറിയിക്കുകയുണ്ടായി. സമാന അപാകങ്ങൾ നിലവിലും തുടരുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് ബി എസ് എൻ എൽ-ന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുന്ന വീഴ്ചയാണെങ്കിൽ അക്കാര്യം ബി എസ് എൻ എൽ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടു വന്ന് പിഴ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ഔദ്യോഗിക വാഹനത്തിൽ യാത്ര ചെയ്തതിന് ദിനബത്ത അനുവദിക്കുന്നതിലെ അപാകങ്ങൾ. ₹605 ചെലവ് നിരാകരിക്കുന്നു.

കേരള സർവ്വീസ് റൂൾസ് പാർട്ട് II ചട്ടം 110 പ്രകാരം ജീവനക്കാർ ഔദ്യോഗിക വാഹനത്തിൽ യാത്ര ചെയ്യുകയും അതേ ദിവസം തന്നെ ഹെഡ് ക്വാർട്ടേഴ്സിൽ തിരിച്ചെത്തുകയും ചെയ്യുന്ന സന്ദർഭത്തിൽ ദിനബത്ത ഇൻസിഡെന്റൽ ചാർജ്ജിൽ പരിമിതപ്പെടുത്തേണ്ടതാണ്. ഏറ്റവും കുറഞ്ഞ ഇൻസിഡെന്റൽ ചാർജ്ജ് ½ ദിനബത്തയുമാണ്. എന്നാൽ ½ ദിനബത്തയിൽ തുക പരിമിതപ്പെടുത്തിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് തസ്തിക അടിസ്ഥാന ശമ്പളം | യാത്രാ തീയതി | യാത്രാ വിവരം | ആവശ്യം | വൗച്ചർ നമ്പർ തീയതി | അനുവദിച്ച ദിനബത്ത | അനുവദിക്കാവുന്ന ദിനബത്ത | അധികം നൽകിയത് |
|---|---|---|---|---|---|---|---|---|
| 1 | ശ്രീ.പത്മ കിരൺ.കെ ക്ലർക്ക് 22200/- | 30-10-2018 | ഇരിക്കൂർ -കല്ല്യാശ്ശേരി | കല്ല്യാശ്ശേരി പെർഫോമൻസ് ഓഡിറ്റ് ഓഫീസിൽ പോയത് | 21800605/ 10-12-2019 4770 | 250 | 125 | 125 |
| 2 | ശ്രീ.ഇബ്രാഹിം സെക്രട്ടറി 49200/- | 21-07-2018 | ഇരിക്കൂർ ആലക്കോട് | സബ് ട്രഷറി ആലക്കോട് | 21800936/ 18-03-2020 1600 | 320 | 160 | 160 |
| 3 | ശ്രീ.രജേഷ് പി കെ സീനിയർ ക്ലർക്ക് 29200 | 19-06-2019 | ഇരിക്കൂർ കണ്ണൂർ | ഡിപിസി മീറ്റിംഗിന് പങ്കെടുക്കുന്നതിന് | 21800943/ 18-03-2020 6490 | 320 | 160 | 160 |
| 4 | രജേഷ് പി കെ സീനിയർ ക്ലർക്ക് 29200 | 07-08-2019 | ഇരിക്കൂർ ശ്രീകണ്ഠാപുരം | ശ്രീകണ്ഠാപുരം ട്രഷറിയിൽ പോയത് | 21800945/ 18-03-2020 70218 | 320 | 160 | 160 |
| | | | | | | | | 605 |

ജീവനക്കാർ ഔദ്യോഗിക വാഹനത്തിൽ യാത്ര ചെയ്തതിന് ½ ദിനബത്തയിൽ പരിമിതപ്പെടുത്താത്തതിന് കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/12-01-2022) പരിശോധിച്ച് മറുപടി നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ₹605 യുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 ലൈഫ് പദ്ധതി ഹഡ്കോ വായ്പ നിലവിലില്ലാതിരിക്കെ വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്ത ₹147059 തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

ലൈഫ് പദ്ധതിക്കായി ഹഡ്കോയിൽ നിന്ന് ലഭിച്ച വായ്പ ഒന്നാം ഗഡു ₹461800 ആവശ്യമില്ലാത്തതിനാൽ 28-03-2019 ൽ തിരിച്ചടച്ചിരുന്നു. എന്നാൽ ഇക്കാര്യം പരിഗണിക്കാതെ താഴെ പറയുന്ന ജി ഒ പ്രോജക്ടുകൾ പ്രകാരം പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്ന് വിഹിതം ₹147059 കുറവ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ /പേര് | തുക |
|---|---|---|
| 1 | 162/20 സമ്പൂർണ്ണ പാർപ്പിട പദ്ധതി (ഹഡ്കോ വായ്പ) | 73529 |
| 2 | 163/20 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 73530 |
| | ആകെ | 147059 |

ജി ഒ പ്രോജക്ട് പ്രകാരം ഈടാക്കിയ തുക ₹147059 തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 മുൻകൂർ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.5,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്ത് വിവിധ ആവശ്യങ്ങൾക്കായി നൽകിയ മുൻകൂറുകൾ നാളിതുവരെയായി ക്രമീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ / തീയതി | തുക | ഇനം | അനുവദിച്ചത് | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|---|
| 1 | 21900533/15-11-2019 | 12000 | 416/18, 417/18, 418/18 515/18, 516/18, 518/18 കേസുകളിൽ ഹാജരാകുന്നതിന് | അഡ്വ. കെ പി മുഹമ്മദ് ബഷീർ | വക്കീൽ ഫീസ് കൊടുത്തതിന് വക്കീൽ പ്രസ്തുത കേസിൽ ഹാജരായതിന്റെ ഏതെങ്കിലും തെളിവ് (കോടതിയിൽ അന്നത്തെ തീർപ്പ്, ഫയൽ ചെയ്തതിന്റെ രേഖ, വക്കീലിന്റെ അറിയിപ്പ്, തുക ക്രമീകരിച്ച വൗച്ചർ) |
| 2 | 21900590/06-12-2019 | 17624 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റുന്നതിന് (DB/WD/ DEMAND/AE/ IKR/19-20/223 DATE 04-12-2019) | കെ എസ് ഇബി ഇലക്ട്രിക്കൽ സെക്ഷൻ ഇരിക്കൂർ | വിനിയോഗ സാക്ഷ്യപത്രം |
| 3 | 21900591/06-12-2019 | 12973 | ഇസ് ഇലാഹിക്ക് സമീപം എൽ ടി പോൾ, സ്റ്റേ എന്നിവ മാറ്റുന്നതിന് | കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ ഇരിക്കൂർ | വിനിയോഗ സാക്ഷ്യപത്രം |
| 4 | 21900761/31-01-2020 | 3908 | സാജിർ എന്നവർക്ക് എതിരെയുള്ള കേസിന് ഹാജരാകുന്നതിന് | അഡ്വ. കെ പി മുഹമ്മദ് ബഷീർ | വക്കീൽ ഫീസ് കൊടുത്തതിന് വക്കീൽ പ്രസ്തുത കേസിൽ ഹാജരായതിന്റെ ഏതെങ്കിലും തെളിവ് (കേസിന്റെ അന്നത്തെ തീർപ്പ്, ഫയൽ ചെയ്തതിന്റെ രേഖ, വക്കീലിന്റെ അറിയിപ്പ്, തുക ക്രമീകരിച്ച വൗച്ചർ) |

| | | | | | |
|---|---|---|---|---|---|
| 5 | 21900320/03-09-2019 | 5000 | ഫെസ്റ്റിവൽ അഡ്വാൻസ് | ശ്രീ. പ്രസാദ് ഐ സി, പാർട്ട് ടൈം സ്വീപ്പർ | തുക തിരികെ ഈടാക്കിയതിന്റെ രേഖകൾ |

ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ ₹5000 പലിശ സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതും ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ ക്രമീകരിക്കുന്നതിന് അവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഫെസ്റ്റിവൽ അലവൻസിനത്തിൽ മുൻകൂർ നൽകിയ 5,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-22 വനിതകൾക്ക് ക്യാൻസർ നിർണ്ണയ ക്യാമ്പ് - ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്ട് നമ്പർ, പേര് | 77/20, വനിതകൾക്ക് ക്യാൻസർ നിർണ്ണയ ക്യാമ്പ് |
| അടങ്കൽ | ₹ 50,000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹ 45,130 |
| ബിൽ നമ്പർ, തീയതി | 10/19-20, 13-03-20 |

ഇരിക്കൂർ ഗ്രാമ പഞ്ചായത്ത്, കണ്ണൂർ മലബാർ ക്യാൻസർ കെയർ സൊസൈറ്റി എന്നിവയുടെ ആഭിമുഖ്യത്തിൽ വനിതകൾക്ക് ക്യാൻസർ പരിശോധനാ ക്യാമ്പും ബോധവത്കരണവും നടത്തുന്നതിനായി 2019-20 വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടിൽ ₹45,130 ചെലവഴിച്ചിട്ടുണ്ട്. ആകെ 117 വനിതകൾ ക്യാമ്പിൽ പങ്കെടുത്തിട്ടുണ്ട്. ഇതിൽ രോഗ ലക്ഷണങ്ങൾ ഉള്ളതായി ആരെയെങ്കിലും കണ്ടെത്തിയിരുന്നോ എന്നും അവർക്ക് തുടർപരിശോധനകളും ചികിത്സയും ലഭ്യമാക്കിയിരുന്നോ എന്നുമുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ക്യാമ്പ് നടത്തിയതിന്റെ വിശദമായ റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/19-20/ 18.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-23 ഇരിക്കൂർ സി എച്ച് സി-യിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങൽ - പ്രിന്റർ ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്ട് നമ്പർ, പേര് | 156/20, ഇരിക്കൂർ സി എച്ച് സി-യിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങൽ |
| അടങ്കൽ | ₹65,000 (മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവ് | ₹57,919 |
| ബിൽ നമ്പർ, തീയതി | ₹43068, 9/19-20, 15-02-2020<br>₹14851, 11/19-20, 13-03-2020 |

ഇരിക്കൂർ ഗ്രാമ പഞ്ചായത്ത് സി എച്ച് സി-യിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിനായി തയ്യാറാക്കിയ മേൽ പ്രോജക്ടിൽ 05-02-20 തീയതിയിലെ TVM/ITBG/PI/ RC/15067/19-20 നമ്പർ പ്രഫോർമ ഇൻവോയ്സ് പ്രകാരം പ്രിന്ററിന്റെ വിലയായ ₹14851 കേരള സംസ്ഥാന ഐ ടി മിഷന്റെ 799011400003959 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രിന്റർ ലഭിച്ചതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും ഇൻസ്റ്റാൾ ചെയ്തതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രിന്റർ വാങ്ങുന്നതിന് കേരള സംസ്ഥാന ഐ ടി മിഷന് തുക നൽകിയെങ്കിലും പ്രിന്റർ ഇതേവരെ ലഭ്യമായിട്ടില്ല എന്നും തുക തിരികെ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട് എന്നും ആയത് ലഭ്യമായാൽ ഓഡിറ്റ് വിഭാഗത്തെ അറിയിക്കുമെന്നുമാണ് ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/18-01-22) മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പ്രിന്റർ ലഭ്യമാകാത്തപക്ഷം ₹14851 തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-24 കന്നുകുട്ടി പരിപാലനം - രേഖകളും രജിസ്റ്ററുകളും ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 26/20, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹81,250 (വികസന ഫണ്ട്, പൊതുവിഭാഗം) |
| | ₹81,250 (സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| | ₹1,62,500 (മറ്റുള്ളവ) |
| ആകെ | ₹3,25,000 |
| ചെലവ് | ₹81,250, ബിൽ നമ്പർ 2/19-20, 17-12-2019 |

ഇരിക്കൂർ ഗ്രാമ പഞ്ചായത്തിലെ കന്നുകുട്ടികളെ ആരോഗ്യകരമായ വളർച്ചയ്ക്ക് സഹായിക്കുന്നതിലൂടെ 30 മാസത്തിൽ പ്രസവിക്കുന്ന തരത്തിൽ കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതിയാണിത്. 4-6 മാസം പ്രായമുള്ള പെൺകിടാരികളെയാണ് പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. കന്നുകുട്ടിക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റ ലഭ്യമാക്കുകയും പദ്ധതിക്കാലയളവ് തീരുന്നതുവരെ ഇൻഷൂറൻസ് പരിരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഒരു ഗുണഭോക്താവിന് ₹6,250 പഞ്ചായത്ത് വിഹിതവും ₹6,250 മൃഗസംരക്ഷണ വകുപ്പിന്റെ വിഹിതവുമായി ഒരാൾക്ക് ആകെ സബ്സിഡി ₹12,500. 13 ഗുണഭോക്താക്കൾക്ക് ഗ്രാമ പഞ്ചായത്ത് ഭരണസമിതി തെരഞ്ഞെടുത്ത കുളിഞ്ഞ ക്ഷീരസംഘം വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ₹81250 പിൻവലിച്ച് എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ 719011400000003 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ തുക കൈപ്പറ്റിയതിന്റെ രശീത് ലഭ്യമാക്കിയിട്ടില്ല.

2. കുളിഞ്ഞ ക്ഷീര സഹകരണ സംഘത്തിൽ നിന്നും ലഭ്യമാക്കിയ കാലിത്തീറ്റ വിതരണ രജിസ്റ്റർ പ്രകാരം 2019-20 വർഷത്തെ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ കാലിത്തീറ്റ വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആകെ സബ്സിഡി | നാളിതുവരെ അനുവദിച്ചത് | ബാക്കി |
|---|---|---|---|---|
| 1 | പത്മാവതി സി വി | 12500 | 11921 | 579 |
| 2 | അജിത കെ | 12500 | 12431 | 69 |
| 3 | സാജിദ ഇ | 12500 | 11924 | 576 |
| 4 | സമിയത്ത് വി പി | 12500 | 12431 | 69 |
| 5 | സൗജത്ത് സി പി | 12500 | 12431 | 69 |
| 6 | നാരായണൻ കെ വി | 12500 | 12431 | 69 |
| 7 | മുനീർ സി പി | 12500 | 7354 | 5146 |
| 8 | മറിയം കെ ടി | 12500 | 12431 | 69 |
| 9 | ഖദീജ കെ വി | 12500 | 12431 | 69 |
| 10 | നസീമ വി | 12500 | 12431 | 69 |
| 11 | രാജേഷ് കെ | 12500 | 12431 | 69 |
| 12 | ഫാത്തിമ വി | 12500 | 11924 | 576 |
| 13 | സമീറ പി കെ | 12500 | 12431 | 69 |

| | |
|---|---|
| ആകെ | 7498 |

ക്രമ നമ്പർ 7 മുനീർ സി പി 23-08-2020 വരെ മാത്രമേ കാലിത്തീറ്റ കൈപ്പറ്റിയിട്ടുള്ളൂ. ആയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (16/14-01-22) മറുപടിയിൽ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും തീയതിയും ഒപ്പും രേഖപ്പെടുത്താത്ത വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടുണ്ട്. മുനീർ സി പി പദ്ധതി കാലയളവിൽ മാനദണ്ഡങ്ങൾ പാലിക്കാതെ കന്നുകുട്ടിയെ വിറ്റതിനാൽ പദ്ധതിയിൽ നിന്നും പുറത്താക്കിയതാണെന്നും വിനിയോഗിക്കാതെ ബാക്കിയുള്ള തുക ഗവൺമെന്റിലേക്ക് നേരിട്ട് അടയ്ക്കുകയാണ് ചെയ്യുക എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്. ക്ഷീര സഹകരണ സംഘത്തിൽ നിന്നും ലഭ്യമാക്കിയ കാലിത്തീറ്റ വിതരണ രജിസ്റ്ററിലെയും താത്കാലിക വിനിയോഗസാക്ഷ്യപത്രത്തിലെയും ചെലവഴിക്കാൻ ബാക്കിയുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല. ആയതിനുള്ള വിശദീകരണം മറുപടിയിൽ ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ചതിന്റെയും ചെലവഴിക്കാൻ ബാക്കിയുള്ള തുക സഞ്ചയ നിധിയിലേക്ക് തിരിച്ചൊടുക്കിയതിന്റെയും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3. കാലിത്തീറ്റ വിതരണ പദ്ധതി 15-06-2021ന് പൂർത്തിയായിട്ടുണ്ടെങ്കിലും എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും തീയതിയും ഒപ്പും രേഖപ്പെടുത്താത്ത വിനിയോഗസാക്ഷ്യപത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്.

4. സ.ഉ.(കൈ) 22/18/ത.സ്വ.ഭ.വ, തീയതി 14-02-18 സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.2.6 പ്രകാരം മൃഗാസ്പത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് ചേർത്തിട്ടുള്ള കന്നുകുട്ടികളെ ഉൾപ്പെടുത്തി ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റാണ് പ്രോജക്ടിനായി ഉപയോഗിക്കേണ്ടത്. എന്നാൽ 2019-20 വർഷം നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിയിലേക്ക് തെരഞ്ഞെടുത്ത താഴെപ്പറയുന്ന നാല് ഗുണഭോക്താക്കളുടെ കന്നുകുട്ടികളുടെ വിവരങ്ങൾ മൃഗാസ്പത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്ററിൽ ചേർത്തിട്ടില്ല.

A. സമീറ പി കെ

B. ഫാത്തിമ വി (കന്നുകുട്ടി ജനന രജിസ്റ്ററിൽ 05-11-2019ന് ജനിച്ചത് ആൺകിടാരി എന്ന് രേഖപ്പെടുത്തിയിരിക്കുന്നു).

C. സമിയത്ത് വി പി

D. ഖദീജ കെ വി

മേല്പറഞ്ഞ ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും കന്നുകുട്ടികൾ ജനിച്ചയുടനെ തന്നെ മൃഗാശുപത്രിയിൽ രജിസ്റ്റർ ചെയ്യിക്കുന്നതിന് ക്ഷീരകർഷകർക്ക് ആവശ്യമായ ബോധവത്കരണം നടത്തുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-25 അംഗൻവാടി പോഷകാഹാരം -വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിലെയും വിതരണം നടത്തിയതിലെയും അപാകങ്ങൾ-₹5148യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ, പേര് | 16/20, അംഗൻവാടി പോഷകാഹാരം |
| അടങ്കൽ | ₹13,00,000 (വികസന ഫണ്ട്, ജനറൽ) |
| | ₹4,00,000 (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ആകെ | ₹17,00,000 |
| ചെലവ് | ₹13,00,000 (വികസന ഫണ്ട്, ജനറൽ) |
| തുക, ബിൽ നമ്പർ, തീയതി | ₹342321, 1/19-20, 25-06-19<br>₹631251, 2/19-20, 27-11-19<br>₹21708, 3/19-20, 27-11-19 |

| | |
|---|---|
| | ₹25315, 4/19-20, 27-11-19<br>₹38348, 6/19-20, 07-03-20<br>₹241057, 7/19-20, 07-03-20 |

2019-20 വർഷം അംഗൻവാടി കുട്ടികൾക്കും കൗമാരപ്രായക്കാർക്കും പോഷകാഹാരം ലഭ്യമാക്കുന്നതിനായി തയ്യാറാക്കിയ മേൽ പ്രോജക്ട് പ്രകാരം ഐ സി ഡി എസ് സൂപ്പർവൈസർ വാങ്ങിയ ധാന്യങ്ങളും ന്യൂട്രിമിക്സും സ്റ്റോക്കിലെടുത്തതിലും വിതരണം നടത്തിയതിലുമുള്ള അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ബിൽ നമ്പർ 2/19-20, 27-11-19 പ്രകാരം പിൻവലിച്ച ₹631251യിൽ നിന്നും ഇൻവോയ്സ് നമ്പർ 2634, തീയതി 30-09-19 പ്രകാരം ₹260848 ചെലവഴിച്ച് തീരമൈത്രി സൂപ്പർമാർക്കറ്റിൽ നിന്നും ധാന്യങ്ങൾ വാങ്ങിയതിലെ 39 കി.ഗ്രാം. പൊട്ടുകടല (വില ₹5148) സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടില്ല. പൊട്ടുകടല സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെയും അംഗൻവാടികളിൽ സ്റ്റോക്കിലെടുത്തതിന്റെയും രേഖകൾ ഹാജരാക്കേണ്ടതാണ്. ഈയിനത്തിലെ ₹5148യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. ഐ സി ഡി എസ് സൂപ്പർവൈസറുടെയും സെന്റർ നമ്പർ 66, 69 അംഗൻവാടികളിലെ വർക്കർമാരുടെയും സ്റ്റോക്ക് രജിസ്റ്ററുകൾ താരതമ്യ പരിശോധന നടത്തിയതിലെ പൊരുത്തക്കേടുകൾ ചുവടെ കൊടുക്കുന്നു.

| മാസം, ഇനം | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ചേർത്ത സാധനങ്ങളുടെ തൂക്കം (കി.ഗ്രാം.) | | വ്യത്യാസം |
|---|---|---|---|
| | ഐ സി ഡി എസ് സൂപ്പർവൈസർ | അംഗൻവാടി വർക്കർ | |
| ആഗസ്റ്റ് 2019, ന്യൂട്രിമിക്സ് | 50.625 (പേജ് 70) | –<br>സെന്റർ നമ്പർ 69 | (-) 50.625 |
| ജൂലായ് 2019, ധാന്യങ്ങൾ- ഉഴുന്ന് | 20 (പേജ് 51) | 50<br>സെന്റർ നമ്പർ 66 | 30 |
| ഒക്ടോബർ 2019 -ന്യൂട്രിമിക്സ് | 50.625 | 67.5<br>സെന്റർ നമ്പർ 66 | 16.88 |
| നവംബർ 2019 -ന്യൂട്രിമിക്സ് | -<br>പേജ് 61 | 52.625<br>സെന്റർ നമ്പർ 66 | 52.625 |

പൊരുത്തക്കേടുകൾക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/22-01-22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഔദ്യോഗിക വാഹനത്തിൽ യാത്ര ചെയ്തതിന് ദിനബത്ത അനുവദിക്കുന്നതിലെ അപാകങ്ങൾ. ₹605 ചെലവ് നിരാകരിക്കുന്നു.

കേരള സർവ്വീസ് റൂൾസ് പാർട്ട് II ചട്ടം 110 പ്രകാരം ജീവനക്കാർ ഔദ്യോഗിക വാഹനത്തിൽ യാത്ര ചെയ്യുകയും അതേ ദിവസം തന്നെ ഹെഡ് ക്വാർട്ടേഴ്സിൽ തിരിച്ചെത്തുകയും ചെയ്യുന്ന സന്ദർഭത്തിൽ ദിനബത്ത ഇൻസിഡെന്റൽ ചാർജ്ജിൽ പരിമിതപ്പെടുത്തേണ്ടതാണ്. ഏറ്റവും കുറഞ്ഞ ഇൻസിഡെന്റൽ ചാർജ്ജ് ½ ദിനബത്തയുമാണ്. എന്നാൽ ½ ദിനബത്തയിൽ തുക പരിമിതപ്പെടുത്തിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് തസ്തിക അടി സ്ഥാന ശമ്പളം | യാത്രാ തീയതി | യാത്രാ വിവരം | ആവശ്യം | വൗച്ചർ നമ്പർ തീയതി | അനുവ ദിച്ച ദിന ബത്ത | അനു വദി ക്കാവുന്ന ദിന ബത്ത | അധികം നൽകി യത് |
|---|---|---|---|---|---|---|---|---|
| 1 | ശ്രീ.പത്മ കിരൺ.കെ ക്ലർക്ക് 22200/- | 30-10-2018 | ഇരിക്കൂർ -കല്ല്യാശ്ശേരി | കല്ല്യാശ്ശേരി പെർഫോ മൻസ് ഓഡിറ്റ് ഓഫീസിൽ പോയത് | 21800605/ 10-12-2019 4770 | 250 | 125 | 125 |
| 2 | ശ്രീ.ഇബ്രാഹിം സെക്രട്ടറി 49200/- | 21-07-2018 | ഇരിക്കൂർ ആലക്കോട് | സബ്ട്രഷറി ആലക്കോട് | 21800936/ 18-03-2020 1600 | 320 | 160 | 160 |
| 3 | ശ്രീ.രജേഷ് പി കെ സീനിയർ ക്ലർക്ക് 29200 | 19-06-2019 | ഇരിക്കൂർ കണ്ണൂർ | ഡിപിസി മീറ്റിംഗിന് പങ്കെടുക്ക ന്നതിന് | 21800943/ 18-03-2020 6490 | 320 | 160 | 160 |
| 4 | രജേഷ് പി കെ സീനിയർ ക്ലർക്ക് 29200 | 07-08-2019 | ഇരിക്കൂർ ശ്രീകണ്ഠാപുരം | ശ്രീകണ്ഠാപുരം ട്രഷറിയിൽ പോയത് | 21800945/ 18-03-2020 70218 | 320 | 160 | 160 |
| | | | | | | | | 605 |

ജീവനക്കാർ ഔദ്യോഗിക വാഹനത്തിൽ യാത്ര ചെയ്തതിന് ½ ദിനബത്തയിൽ പരിമിതപ്പെടുത്താത്തതിന് കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/12-01-2022) പരിശോധിച്ച് മറുപടി നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ₹605യുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയിതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ തീയതി |
|---|---|---|
| 2019-20 | 18-01-2022 | കെ.എസ്.എ/കെ.എൻ.ആർ/ സി4/ 101/2022 തീയതി: 08-03-2022 |

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | 2019-20ൽ ലഭിച്ച തുക | പദ്ധതിയുടെ പേര് നമ്പർ | 2019-20ൽ ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 382000 | 15/2020 ലൈഫ് മിഷൻ ഭവന പദ്ധതി 2 | 342600 | 39400 |
| 2 | | 16250 | 45/2020 സ്കൂൾ കുട്ടികൾക്ക് മുട്ടകോഴി വിതരണം | 16250 | 0 |
| 3 | | 20978 | 85/2020 ക്ഷീരകർഷകർക്ക് ഉല്പാദന ബോണസ് | 20978 | 0 |
| 4 | ബ്ലോക്ക് പഞ്ചായത്ത് ഇരിക്കൂർ | 8874 | 8/2020 നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി വിതരണം | 8874 | 0 |
| 5 | | 0 | 68/2020 ജലസ്രോതസ് നവീകരണം | 14909 | 10091 |
| 6 | | 13000 | 84/2020 പച്ചക്കറി കൃഷിക്ക് കൂലിചിലവ് സബ്സിഡി വിതരണം | 13000 | 0 |
| 7 | | 20978 | 85/2020 ക്ഷീരകർഷകർക്ക് ഉല്പാദന ബോണസ് | 20978 | 0 |
| 8 | | 0 | 91/2020 കട്ടാവ് പൊതുകിണർ പുനർനിർമ്മാണം | 20124 | 4876 |
| 9 | | 0 | 100/2020 ലൈഫ് ഭവന പദ്ധതി | 129567 | 0 |
| 10 | | 2,25,000 | 22/2020 ശാരീരിക മാനസി വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 0 | 2,25,000 |

| | | | | | |
|---|---|---|---|---|---|
| 11 | | 400000 | 63/2020 ചേടിച്ചേരി അംഗൻവാടി നിർമ്മാണം | 0 | 400000 |

(ക്രമ നമ്പർ 5,8,9 പ്രൊജക്ടുകളിൽ ചെലവഴിച്ച തുക മുൻവർഷങ്ങളിൽ വരവ് വന്ന തുകയാണ്).

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | 125/2020 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ വലിക്കൽ | 196824 | 196824 | പൂർത്തീകരിച്ചു |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം, | ഖണ്ഡിക നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം, | ഖണ്ഡിക നമ്പർ | പരാമർശ വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2007-08 | 3-13 | 2012-13 | 2-7 | നിഷ്ക്രിയ ആസ്തിയായി മാറിയ കുടുംബശ്രീ ഉൽപ്പന്ന വിപണന കേന്ദ്രം | നിലവിൽ കുടുംബശ്രീ ഉൽപ്പന്ന വിപണന കേന്ദ്രത്തിലെ മുഴുവൻ മുറികളിലും സംരംഭങ്ങൾ പ്രവർത്തിച്ചു വരുന്നു |

1.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 30241555 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 29190766 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 605 |

| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 155152 |
|---|---|

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 (1-19) | 605 | ശ്രീ.ഇബ്രാഹിം എൻ യു<br>സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 33117 | ശ്രീ രതീഷ് ജി പി<br>സെക്രട്ടറി |
| 1-17 | 111887 | ശ്രീ രതീഷ് ജി പി<br>സെക്രട്ടറി |
| 1-21 | 5000 | ശ്രീ.ഇബ്രാഹിം എൻ യു<br>സെക്രട്ടറി |
| 1-25 | 5148 | ശ്രീമതി.അനിത.കെ,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 155152 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രതീഷ്.ജി.പി,<br>സെക്രട്ടറി | സെക്രട്ടറി,<br>അഞ്ചരക്കണ്ടി<br>ഗ്രാമപഞ്ചായത്ത് | ഭഗവതി വില്ല, ചാല<br>വെസ്റ്റ്, തോട്ടട (പി.ഒ),<br>670007 |
| ശ്രീ.ഇബ്രാഹിം എൻ യു<br>സെക്രട്ടറി | സെക്രട്ടറി ഇരിക്കൂർ<br>ഗ്രാമപഞ്ചായത്ത് | അറഫ മൻസിൽ<br>പി.ഒ.ചെങ്ങളായി –<br>670631 |
| ശ്രീമതി.അനിത.കെ,<br>ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ, ഇരിക്കൂർ<br>ഗ്രാമപഞ്ചായത്ത് | ശ്രീനിലയം,<br>പി.ഒ.ഇരിക്കൂർ |

## 4-10 ഓഡിറ്റ് സമയത്ത് തിരിച്ചടച്ച തുകകൾ

ഓഡിറ്റിനോട് അനുബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിൽ 12400/- രൂപ തിരിച്ചടച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പറും തീയതിയും | വിഷയം | ഓഡിറ്റ് എൻക്വയറി നമ്പറും | തിരിച്ചടച്ച തുക | രശീതി നമ്പരും തീയതിയും | റിമാർക്സ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | തീയതിയും | | | |
| 1 | പ്രൊജക്റ്റ് നമ്പർ 65/18-19, 120/19-20 ഇരിക്കൂർ ഗവ. ആശുപത്രിയ്ക്ക് സൗകര്യം മെച്ചപ്പെടുത്തൽ | പ്രവൃത്തി കാലാവധിയ്ക്കകം പൂർത്തീകരിക്കാത്തതിനാൽ പിഴ ഈടാക്കാ ത്തത് സംബന്ധിച്ച് | 3/2019-20 11-1-2022 | 12000 | Receipt No. 1210101295/ G130402 തീയതി 12/01/2022 | - |
| 2 | പ്രൊജക്റ്റ് നമ്പർ 103/19-20 നവചേതന കുളിഞ്ഞ റോഡ് കോൺക്രീറ്റ് | ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും ടെണ്ടർ ബിലോ കുറവ് വരുത്താത്തത് സംബന്ധിച്ച് | 4/19-20 11-1-2022 | 400 | Receipt No.1210101283/ G130402 തീയതി 12/1/2022 *തുക ബന്ധപ്പെട്ട ഹെഡ്ഓഫ് അക്കൗണ്ടിൽ ഒടുക്കേണ്ടതാണ് | തുക മെയിന്റനൻസ്-റോഡ് സംബന്ധിച്ച ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്. |
| ആകെ തുക തിരിച്ചടച്ച തുക | | | | 12400 | | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/സി4/ 829/19 തീയതി 05.09.2019 | 3 |
| 2000-01 (പദ്ധതി വിഹിതം) | കെ.എസ്.എ/കെ.എൻ.ആർ/സി4/829/19 തീയതി 05.09.2019 | 2 |
| 2002-03 | കെ.എസ്.എ/കെ.എൻ.ആർ/സി4/829/19 തീയതി 05.09.2019 | 7 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/സി4/829/19 തീയതി 05.09.2019 | 5 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/സി4/829/19 തീയതി .05.09.2019 | 8 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/സി4/829/19 തീയതി 05.09.2019 | 1 |

| | | |
|---|---|---|
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/സി4/829/19 തീയതി 05.09.2019 | 2 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി4/829/19 തീയതി 05.09.2019 | 4 |
| 2008-09 | കെ.എസ്.എകെ.എൻ.ആർ/സി4/829/19 തീയതി 05.09.2019 | 3 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/സി4/829/19 തീയതി 05.09.2019 | 4 |
| 2010-11, 2011-12 | കെ.എസ്.എ/കെ.എൻ.ആർ/സി4/829/19 തീയതി 05.09.2019 | 1 |
| 2012-13, 2013-14 | കെ.എസ്.എ.കെ/എൻ.ആർ/സി4/829/19 തീയതി 05.09.2019 | 20 |
| 2014-15 | കെ.എസ്.എ.കെ/എൻ.ആർ/സി4/829/19 തീയതി 05.09.2019 | 8 |
| 2015-16 | കെ.എസ്.എ.കെ/എൻ.ആർ/സി4/829/19 തീയതി 05.09.2019 | 9 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി4/829/19 തീയതി 05.09.2019 | 9 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ.സി4/16/19 തീയതി 25.05.2019 | 1 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി4/1333/ 2019 (1) തീയതി 01.10.2020 | 14 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ഇരിക്കൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ഇരിക്കൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3-1

## റെസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Operating | | |
| 110000000 | Tax Revenue | RP-1 | 1181410.00 |
| 130000000 | Rental income from Panchayat Properties | RP-3 | 18250.00 |
| 140000000 | Fees & User Charges | RP-4 | 582857.00 |
| 150000000 | Sale & Hire Charges | RP-5 | 155769.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 21763496.00 |
| 171000000 | Interest Earned | RP-9 | 135682.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2176227.00 |
| 350000000 | Other Liabilities | RP-36 | 150407.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 127608.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 147576.00 |
| 310000000 | Panchayat Fund | RP-28 | 0.0 |
| 311000000 | Earmarked Funds | RP-29 | 29303.00 |
| 340000000 | Deposits Received | RP-34 | 7310.00 |
| 350000000 | Other Liabilities | RP-36 | 229596.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3520664.00 |
| 460000000 | Loans, Advances and Deposits | RP-47 | 15400.00 |
| | Grand total | | 36364260.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3000134.00 |
| 220000000 | Administrative Expenses | RP-12 | 982058.00 |
| 230000000 | Operations & Maintenance | RP-13 | 875230.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 887490.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 4919539.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1259031.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 166600.00 |

## അനുബന്ധം 3-2

## ഇൻകം ആന്റ് എക്സ്പെന്റിച്ചർ

Irikkur Grama Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4934178.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 105466.00 |
| 140000000 | Fee & User Charges | I-4(b) | 844257.00 |
| 150000000 | Sale & Hire Charges | I-5(b) | 155769.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 57740640.00 |
| 171000000 | Interest Earned | I-8 | 135682.00 |
| 180000000 | Other Income | I-9 | 147576.00 |
| | Total Income | | 64063568.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9251438.00 |
| 220000000 | Administrative Expenses | I-11(b) | 982058.00 |
| 230000000 | Operations & Maintenance | I-12(b) | 875230.00 |

| | | | |
|---|---|---|---|
| 240000000 | Interest & Finance Charges | I-13 | 6562.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 900890.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 20286208.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1259031.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 166600.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 23598140.00 |
| 255000000 | Maintenance Projects | I-14(e) | 4346865.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 18000.00 |
| 272000000 | Depreciation | I-17(a) | 5205185.00 |
| | Total Expenditure | | 66896207.00 |
| | Gross Surplus/ Deficit of income over Expenditure | | -2832639.00 |
| 280000000 | Prior Period Item | I-18 | 231905.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -3064544.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 3-3

## ബാലൻസ് ഷീറ്റ്

Irikkur Grama Panchayat
BALANCE SHEET

As on 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -11716096.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 24724.00 |
| 312000000 | Reserves | B-3 | 37068645.00 |
| | Total Reserve & Surplus | | 25377273.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3212857.00 |
| | Total Grants, Contributions for Specific Purposes | | 3212857.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 257770.00 |
| 350000000 | Other Liabilities | B-9 | 812857.00 |
| | Total Current Liabilities and Provisions | | 1070627.00 |
| | TOTAL LIABILITIES | | 29660757.00 |

| | | | |
|---|---|---|---|
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 39114739.00 |
| 411000000 | Accumulated Depreciation | B-11 | -18581615.00 |
| 412000000 | Capital Work in Progress | B-11(a) | 222267.00 |
| | Total Fixed Assets | | 20755391.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1247321.00 |
| 450000000 | Cash and Bank Balance | B-17 | 7173494.00 |
| 460000000 | Loans, Advances and Deposits | B-18 | 484551.00 |
| | Total current assets, Loans and Advances | | 8905366.00 |
| | Other assets | | |
| Miscellaneous expenditure (To the extent not written off) | | | |
| | Total assets | | 29660757.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.